ഉത്തരം

(എ & ബി) സർവ്വേയും ഭൂരേഖയും വകുപ്പ് തിരുവനന്തപുരം ഓഫീസിലെ ഉപയോഗയോഗ്യമല്ലാതായ ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് ലേലം ചെയ്ത് വിറ്റതിനെ തുടർന്നുണ്ടായ താഴെ പറയുന്ന 20 അധിക തസ്തികകൾ നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1.	പ്രിന്റിംഗ് സൂപ്പർവൈസർ	-	1
2.	ഫീഡർ	-	1
3.	ഡെലിവറർ	-	2
4.	ഹീലിയോ സിൻകോഗ്രാഫർ (ഗ്രാഡ് - 1 = 4, ഗ്രാഡ് 2 = 2)	-	6
5.	ബ്ലൂപ്രിന്റർ	-	2
6.	മാപ്പ് ബൈൻഡർ	-	1
7.	മാപ്പ് മൗണ്ടർ	-	1
8.	ഓപ്പറേറ്റീവുമാർ	-	4
9.	ഡാർക് റൂം അസിസ്റ്റന്റ്	-	1
10.	മെക്കാനിക്	-	1
			20

റീസർവ്വേ നടത്താത്തതുകാരണം കൈവശ സ്ഥലത്തിന് നികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യം

15 (4294) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട അട്ടപ്പാടിയിലെ ആറ് വില്ലേജുകളിൽ റീസർവ്വേ നടത്താത്തതു നിമിത്തം കൈവശസ്ഥലത്തിന് നികുതിയടയ്ക്കാൻ കഴിയുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റീസർവ്വേയ്ക്കുവേണ്ടി ബന്ധപ്പെട്ട രേഖകൾ സഹിതം പാലക്കാട് റീസർവെ ഡെപ്യൂട്ടി ഡയറക്ടർക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പരാതികളിന്മേൽ ഇതുവരെയായി എന്ത് നടപടി സ്വീകരിച്ചു :

(ഡി) പ്രസ്തുത നടപടിക്ക് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ പരാതികളിന്മേൽ എന്നത്തേക്ക് തീരുമാനമെടുത്ത് റീസർവ്വേ നടത്താൻ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 9 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി & ഡി) പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടികൾ എടുത്തു വരുന്നു.

(ഇ) റീസർവ്വേ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റീസർവ്വേ പദ്ധതി പൂർത്തീകരിക്കാത്തതിന്റെ കാരണം

16 (4295) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എപ്പോഴാണ് അവസാനമായി റീസർവ്വെ നടത്തിയത് : വിശദാംശം വ്യക്തമാക്കുമോ :

(ബി) റീസർവ്വെ പൂർത്തീകരിക്കാത്തതുമൂലം ഓരോ വർഷവും നികുതിയിനത്തിൽ ശരാശരി എത്ര തുകയുടെ നഷ്ടമാണ് ഉണ്ടാകാറുള്ളതെന്ന് വ്യക്തമാക്കാമോ :

(സി) നിലവിൽ നടന്നുവരുന്ന റീസർവ്വെ എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ട് ; ഏത് പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ :

(ഡി) റീസർവ്വെ വഴി റവന്യൂ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുള്ള ഏതെല്ലാം ജില്ലകളിലാണെന്നും ഇതിനായി എത്ര ഏക്കർ കണ്ടെത്തിയിട്ടുണ്ട് എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 1966-ൽ ആരംഭിച്ച റീസർവ്വെ ഇപ്പോഴും നടന്നു വരുന്നു.

(ബി) റീസർവ്വെ പൂർത്തീകരിക്കാത്തതുമൂലം നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നില്ല.

(സി) സംസ്ഥാനത്ത് ആകെയുള്ള 1604 സർവ്വെ വില്ലേജുകളിൽ 681 എണ്ണം റീസർവ്വെ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 109 വില്ലേജുകളിൽ റീസർവ്വെപുരോഗതിയിലാണ്. ശേഷിക്കുന്ന വില്ലേജുകളിലെ റീസർവ്വെ ആധുനിക സർവെ ഉപകരണങ്ങളുടെ സഹായത്തോടെ 12 വർഷം കൊണ്ട് പൂർത്തീയാക്കാനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി അതനുസരിച്ച് പ്രവർത്തിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly